**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3581** **12.05.2017 ൽ മറുപടിയ്ക്ക്**

**ഡി-അഡിക്ഷൻ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ വിമുക്തി എന്ന ബോധവൽക്കരണ മിഷന്റെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | എക്സൈസ് വകുപ്പിനുകീഴിൽ സംസ്ഥാനത്ത് ദേശീയനിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ഭാഗമായി ദേശീയനിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ലഭിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പ്/ പൊതുമേഖല സ്ഥാപന മേധാവികളുമായും, ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**